# പതിമൂന്നാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2005

14.07.2011-ൽ
മറുപടിയ്ക്ക്

### <u>ശബരിമലയിലെ വികസന പ്രവർത്തനങ്ങൾ</u>

<u>ചോദ്യം</u>
ശ്രീ. രാജു എബ്രഹാം

<u>ഉത്തരം</u>
ശ്രീ. വി.എസ്.ശിവകുമാർ
ഗതാഗതവും ദേവസ്വവും
വകുപ്പു മന്ത്രി.

(എ) പമ്പ ആക്ഷൻ പ്ലാൻ പ്രകാരം ആദ്യഘട്ടത്തിൽ എത്ര രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കാണ് തുകയനുവദിച്ചിരുന്നത്; ഇതുപ്രകാരം ദേവസ്വം ബോർഡ് എത്ര രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങളാണ് നടത്തേണ്ടത്; ഏതൊക്കെ പ്രവൃത്തികളാണ് ദേവസ്വം ബോർഡിന്റെ ചുമതലയിൽ നടത്തുന്നത്; ഓരോ ഇനത്തിലും ചെലവഴിച്ച തുകയടക്കം എന്തൊക്കെ പ്രവർത്തനങ്ങളാണ് ആരംഭിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(എ) പമ്പ ആക്ഷൻ പ്ലാൻ പ്രകാരമുള്ള ചില പദ്ധതികൾ നടപ്പിലാക്കുവാൻ ഭാരത സർക്കാർ 18.45 കോടി രൂപ 7/2003 -ൽ അനുവദിച്ചിരുന്നു. ഇതിൽ 16.16 കോടി രൂപയുടെ പദ്ധതികളാണ് തിരുവിതാംകൂർ ദേവസ്വം ബോർഡിനെ ഏൽപ്പിച്ചിരുന്നത്. പദ്ധതികൾ 70:30 മാച്ചിംഗ് അടിസ്ഥാനത്തിലാണ് നടത്തേണ്ടത്. 70% ഭാരത സർക്കാർ വഹിക്കും. ദേവസ്വം ബോർഡ് ശബരിമലയിൽ 320 ലാട്രിനുകൾ, 80 കുളിമുറികൾ, 400 കിലോ/പെർ അവർ ശേഷിയുള്ള ഇൻസിനറേറ്റർ, ഖരമാലിന്യങ്ങൾ ശേഖരിക്കുന്നതിനും നീക്കം ചെയ്യുന്നതിനും വേണ്ടിയുള്ള സംവിധാനങ്ങൾ, ചവർ വേർതിരിക്കുന്നതിനുള്ള ഷെഡ്ഡുകൾ മുതലായവയും പമ്പയിൽ 400 കിലോ/പെർ അവർ ശേഷിയുള്ള ഇൻസിനറേറ്റർ, ഖരമാലിന്യം വേർതിരിക്കുന്നതിനുള്ള ഷെഡുകൾ 160 ലാട്രിനുകൾ വെയ്സ്റ്റ് ബിന്നുകൾ മുതലായവയും നിലയ്ക്കലിൽ 400 കിലോ/പെർ അവർ ശേഷിയുള്ള ഇൻസിനറേറ്റർ വെയ്സ്റ്റ് ബിന്നുകൾ മുതലായവയും നിർമ്മിച്ചു. ഈ ഇനത്തിൽ ദേവസ്വം ബോർഡ് 4.829 കോടി രൂപ 3/10 വരെ ചെലവഴിച്ചു. 158.79 ലക്ഷം രൂപാ നോഡൽ ഏജൻസിയായ കേരള വാട്ടർ അതോറിറ്റി മുഖാന്തിരം തിരികെ ലഭിച്ചു. കൂടാതെ ശബരിമലയിൽ 5 എം.എൽ.ഡി ശേഷിയുള്ളതും പമ്പയിൽ 1.5 എം.എൽ.ഡി ശേഷിയുള്ളതുമായ രണ്ടു സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് 2912.24 ലക്ഷം രൂപയുടെ ഭരണാനുമതി കേരള സർക്കാർ ലഭ്യമാക്കിയിട്ടുണ്ട്. ആയതിൻ പ്രകാരം കരാറും ക്ഷണിച്ചിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റിയെയാണ് പദ്ധതി നടത്തിപ്പിനായി സർക്കാർ ചുമതലപ്പെടുത്തിയിരിക്കുന്നത്. പമ്പാ കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് പദ്ധതി നടപ്പിലാക്കുന്നത്.

| | | | |
|---|---|---|---|
| (ബി) | ശബരിമലയിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന ക്യൂ കോംപ്ലക്സിനായി എന്തു തുകയാണ് ദേവസ്വം ബോർഡ് വകയിരുത്തിയിരിക്കുന്നത്; ഇതിന്റെ നിർമ്മാണം എന്നത്തേക്ക് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്; ശബരിമലയിൽ എവിടെ നിന്ന് എവിടം വരെയാണ് ഈ ക്യൂ കോംപ്ലക്സ് നിർമ്മിക്കുന്നത്; | (ബി) | ശബരിമലയിൽ മരക്കൂട്ടത്തിനും ശരംകുത്തിക്കും ഇടയിലായി നിർമ്മാണം ആരംഭിക്കുന്ന ക്യൂ കോംപ്ലക്സിന് (80 എം x 20 എം) 110.00 ലക്ഷം രൂപയാണ് അടങ്കൽ തുക. മരക്കൂട്ടം ഭാഗത്ത് ശബരിമല ഉന്നതാധികാര സമിതിയുടെ മേൽനോട്ടത്തിൽ നിർമ്മിക്കാൻ ടെൻഡർ ക്ഷണിച്ചിട്ടുള്ള ക്യൂ കോംപ്ലക്സിന് 105 ലക്ഷം രൂപയാണ് അടങ്കൽ തുക. എല്ലാ ക്യൂ കോംപ്ലക്സുകളും വരുന്ന ഉത്സവ കാലത്തിനു മുൻപായിതന്നെ പൂർത്തീകരിക്കാനാണ് ലക്ഷ്യം ഇട്ടിട്ടുള്ളത്. കൂടാതെ മാളികപ്പുറത്തുനിന്നും ചന്ദ്രാനന്ദൻ റോഡിൽ പ്രവേശിക്കുന്നതിനു വേണ്ടി പട്ടാളത്തിന്റെ സഹായത്തോടെ ഒരു ബെയിലി ബ്രിഡ്ജും അനുബന്ധ റോഡും ഈ സീസണു മുൻപായി നിർമ്മിക്കുവാനും ലക്ഷ്യം ഇട്ടിട്ടുണ്ട്. |
| (സി) | ശബരിമലയിൽ പുതിയ മാലിന്യ സംസ്കരണ പ്ലാന്റ് എവിടെ നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നത്; എത്ര കോടി രൂപയുടെ എസ്റ്റിമേറ്റാണ് ഇതിനായി തയ്യാറാക്കിയിട്ടുള്ളത്; ഏതു വകുപ്പാണ് ഇത് നിർമ്മിക്കുന്നത്; നിർമ്മാണം ഉടൻ ആരംഭിക്കുമോ; കരാർ എടുത്തിരിക്കുന്നത് ആരാണ്; ഇതിന്റെ നിർമ്മാണം ശബരിമല മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; പ്രസ്തുത നിർമ്മാണം കൂടി മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; ഇതു സംബന്ധിച്ച് മുഖ്യമന്ത്രി വിളിച്ചു ചേർത്ത ഉന്നതതല യോഗത്തിലെ തീരുമാനങ്ങൾ എന്തൊക്കെയായിരുന്നു; ഇവ നടപ്പാക്കുന്നതിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ; | (സി) | ശബരിമലയിൽ ജ്യോതിനഗർ ഭാഗത്താണ് പുതിയ മാലിന്യ സംസ്കരണ പ്ലാന്റ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത് പമ്പയിൽ 1.5 എം.എൽ.ഡി യും ശബരിമലയിൽ 5 എം.എൽ.ഡി യും ശേഷിയുള്ള പ്ലാന്റുകൾ സ്ഥാപിക്കുവാൻ 2912.24 ലക്ഷം രൂപയുടെ ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റിക്കാണ് നിർമ്മാണ ചുമതല. എസ്.റ്റി.പി പമ്പാ കർമ്മ പദ്ധതിയിൽ ഉൾപ്പെട്ടതാണ്. ആയത് ശബരിമല മാസ്റ്റർ പ്ലാനിലും ഉൾപ്പെടുത്തിയിട്ടുണ്ട്. ബഹു. മുഖ്യമന്ത്രി വിളിച്ചു ചേർത്ത ഉന്നതതല യോഗത്തിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |
| (ഡി) | ശബരിമലയുടെ വികസനത്തിനായി നിലയ്ക്കലിൽ എത്ര ഏക്കർ ഭൂമിയാണ് ഫാമിംഗ് കോർപ്പറേഷനിൽ നിന്നും വിട്ടുകിട്ടിയത്; ഇവിടെ എന്തൊക്കെ നിർമ്മാണ പ്രവർത്തനങ്ങളാണ് ഇതുവരെ നടത്തിയിട്ടുള്ളത്; തീർത്ഥാടകർക്ക് കൂടുതൽ സൗകര്യ | (ഡി) | ശബരിമലയുടെ വികസനത്തിനായി നിലയ്ക്കലിൽ ഫാമിംഗ് കോർപ്പറേഷനിൽ നിന്നും 110.524 ഹെക്ടർ ഭൂമി കൈമാറിയിട്ടുണ്ട്. നിലയ്ക്കലിൽ നാളിതുവരെ 400 ലാട്രിനുകൾ, നടപ്പന്തൽ, റോഡുകളുടെ നിർമ്മാണം, പാർക്കിംഗ് ഗ്രൗണ്ടുകൾ, വാട്ടർ ടാങ്കുകൾ, കുളങ്ങളുടെ നവീകരണം, പോലീസ് സ്റ്റേഷൻ, വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥന്മാർക്കും |

ങ്ങൾ ഏർപ്പെടുത്താനായി എന്തൊക്കെ നിർമ്മാണങ്ങൾ ഇവിടെ നടത്താനാണ് ഉദ്ദേശി ക്കുന്നത്; ഇതിനായി ഒരു പ്രത്യേക പദ്ധതി തയ്യാറാ ക്കുമോ?

പോലീസ് ഉദ്യോഗസ്ഥന്മാർക്കും താമസിക്കുന്നതി നായി അക്കോമഡേഷൻ ബ്ലോക്കുകൾ, കുടിവെള്ള വിതരണ സംവിധാനം, 400 കിലോ ശേഷിയുള്ള ഇൻസിനറേറ്റർ, ചപ്പുചവറുകൾ ശേഖരിക്കുന്ന തിനുള്ള ഷെഡ്ഡുകൾ മുതലായവ പൂർത്തീകരിച്ചിട്ടുണ്ട്. പോലീസിനുവേണ്ടി താമസ സൗകര്യവും ടോയ്ലറ്റ് സൗകര്യവും ഉള്ള ഒരു ബഹുനില കെട്ടിടത്തിന്റെ നിർമ്മാണം നടന്നുവരുന്നു. പാർക്കിംഗ് ഗ്രൗണ്ടു കളും റോഡുകളും നിർമ്മിക്കുന്നതിന് ആദ്യഘട്ട ജോലിക്ക് 13.90 കോടി രൂപ അടങ്കൽ തുകയുടെ ഒരു പദ്ധതിക്ക് ഉന്നതാധികാര സമിതി ദർഘാസുകൾ ക്ഷണിച്ചിട്ടുള്ളതും ഉത്സവകാലം ആരംഭിക്കുന്ന തിനു മുൻപായി പണികൾ പൂർത്തീകരിക്കുന്ന തരത്തിലുള്ള പദ്ധതി ആസൂത്രണം ചെയ്തിട്ടുള്ളതു മാണ്.

സെക്ഷൻ ഓഫീസർ